കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മധൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്**

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി6 /187/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 03-03-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

മധൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :മധൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മധൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 1, 2,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി6 /187/2020. തിയ്യതി: 03-03-2020.

# കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-01-2020മുതൽ 04-02-2020വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ബിന്ദു.വി.വി | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | മാലതി സുരേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | എ.ആർ.പ്രശാന്ത് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )**

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ബിജുകുമാർ .ആർ | 01.04.2018 മുതൽ - 19.11.2018 F/N വരെ |
| | | കൃഷ്ണകമാർ എം.എൻ | 19.11.2018 A/N മുതൽ- 31.03.2019വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ആർ.ജിഷി | 13.07.2018 മുതൽ 16.01.2019വരെ |
| | | അനിത.കെ | 17.01.2019 മുതൽ 27.01.2019 വരെ |
| | | ആർ.ജിഷി | 28.01.2019 മുതൽ 31.03.2019 വരെ |
| 3 | കൃഷി ഓഫീസർ | ബിന്ദു ജോർജ്ജ് | 01.04.2018 മുതൽ 08.02.2019 FNവരെ |
| | | [illegible] | [illegible] |

| | | | |
|---|---|---|---|
| | | ചവന നരസിംഹലു | 08.02.2019 ANമുതൽ 27.03.2019 വരെ |
| | | സാജു.എസ്.എസ് | 28.03.2019 |
| | | നഫീസത്ത് ഹസീന | 29.03.2019 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | മോണി അമ്മ കെ.എം | 01.04.2018 മുതൽ 11.09.2018 F/Nവരെ |
| | | രമാ ദേവി വി.എം | 11.09.2018 A/N മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ ഉളിയത്തടുക്ക സർക്കിൾ | മഹേഷ് .വി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ മധൂർ സർക്കിൾ | അഞ്ജുഎസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | അനന്തകൃഷ്ണ .എം | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | വെറ്ററിനറി സർജ്ജൻ | ഡോ.സീന വി.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.സന്ധ്യ.എം.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഷബ്ന. പി | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ആശ മേരി | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | മനോഹരൻ.വി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ | 1-12 |
| 13 | ഹൈറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-13 |
| 14 | മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന | 1-14 |

| | | |
|---|---|---|
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- അപാകതകൾ | 1-15 |
| 16 | വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന. | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- നോമിനൽ മിക്സ് ഡാറ്റകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി | 1-18 |
| 19 | ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് അധികച്ചെലവ് | 1-19 |
| 20 | പിഴ തുക പിൻവലിച്ച് പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു | 1-20 |
| 21 | ദിവസവേതന നിയമനം സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല | 1-21 |
| 22 | ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-22 |
| 23 | ഹരിത കർമ്മസേന | 1-23 |
| 24 | മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല | 1-25 |
| 26 | എസ്.എസ്.എ വിഹിതം -തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. | 1-26 |
| | **ഭാഗം II**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 27 | വസ്തു നികുതി രേഖകളുടെ പരിശോധന- നികുതി നിർണ്ണയത്തിൽ അപാകത | 2-1 |
| | **ഭാഗം III**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് അധികച്ചെലവ് | 3-1 |
| | **ഭാഗം IV**<br>**ഓഡിറ്റ് പ്രത്യവലോകനം** | |
| 29 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 33 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 37 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**<u>അനുബന്ധപത്രികകൾ</u>**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# <u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് , അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് |
|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/18, 28/03/2018 |
| മുന്നിരിപ്പ് | 55,00,000 |
| വരവ് | 17,86,61800 |
| ആകെ | 1841,61,800 |
| ചെലവ് | 18,2411,800 |
| നീക്കിയിരിപ്പ് | 17,50,000 |

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 25/05/2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 12,39,7938 |
| വരവ് | 10,18,80,204 |
| ആകെ | 11,42,78,142 |
| ചെലവ് | 10,20,46,458 |
| നീക്കിയിരിപ്പ് | 1,22,31,684 |

## 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22366000 | 22366000 | 21053796* | 1312204 | 94.13 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5159000 | 5159000 | 3300122 | 1858878 | 63.96 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1519000 | 1519000 | 1005431 | 513569 | 66.19 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5040000 | 5040000 | 4948877 | 91123 | 98.19 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4655000 | 4655000 | 2917895 | 1737105 | 62.68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12606892 | 12606892 | 8941577 | 3665315 | 70.93 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. വികസനഫണ്ട് പൊതു വിഭാഗം ചെലവിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക 8120/- രൂപ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ലെങ്കിലും മേൽ പട്ടികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

**ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21045676 | 21045676 | 21045676* | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3300122 | 3300122 | 3300122 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1005431 | 1005431 | 1005431 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4948877 | 4948877 | 4948877 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2917895 | 2917895 | 2917895 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8941577 | 8941577 | 8941577 | 0 |
| **ബി ഫണ്ട്** | 0 | | | | 0 |
| തൊഴിൽ രഹിത വേതനം | | 111240 | 111240 | 111240 | |
| വിവാഹധനസഹായം | | 450000 | 450000 | 450000 | |
| നെല്ല് ഉല്പാദക ബോണസ്സ് | | 80000 | 80000 | 80000 | |
| തൊഴിലുറപ്പ് -<br>100 ദിന ഇൻസെന്റീവ് | | 300000 | 300000 | 300000 | |
| TSB സംയുക്ത പദ്ധതി | 3050044 | 5125007 | 8175051 | 7979694 | 195313 |
| ട്രഷറി TSB ജനറൽ പർപ്പസ്സ് | 1187906 | 20974136 | 22162042 | 22056165 | 105877 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| MGNREGA | 1680 | 1040374 | 1042054 | 1031458 | 10596 |
| SSA | 51076 | 2074 | 53150 | 0 | 53150 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| മധൂർ എസ്.ഇ.ബി , ഇ.എം.എസ് | 274796 | 12505 | 287301 | 0 | 287301 |
| IOB ലൈഫ് വായ്പ | 0 | 15218242 | 15218242 | 15218118 | 124 |
| **മറ്റുള്ളവ (തനത് ഫണ്ട്)** | 7832436 | 16107048 | 23939484 | 12360205 | 11579279 |

(* വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 8,120/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇത് രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.)

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 279 | 185 | - | 94 | 66.3 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19വർഷത്തിൽ നടപ്പാക്കേ ണ്ട | 2018-19വർഷത്തിൽ നടപ്പാക്കിയ | ചെലവ് ശതമാ |
|---|---|---|---|---|

| | | പദ്ധതികളുടെ വിവരം | | പദ്ധതികളുടെ വിവരം | | നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 69,99,953 | 15 | 46,23,980 | 66.06 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1250500 | 5 | 571078 | 45.67 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 193 | 61820282 | 118 | 32771447 | 53.01 |
| 4 | കൃഷി ഓഫീസർ | 9 | 5164610 | 9 | 3901093 | 75.54 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 60137250 | 7 | 26247111 | 83.76 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7904380 | 9 | 7159697 | 90.57 |
| 7 | വെറ്ററനറി സർജ്ജൻ | 8 | 4100770 | 8 | 2411887 | 58.81 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | | പദ്ധതി സെക്രട്ടറി നടപ്പാക്കി | | | |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 1125000 | 5 | 1123785 | 99.89 |
| 10 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 415000 | 2 | 411380 | 99.13 |
| 11 | പ്രധാനാധ്യാപകൻ | 8 | 1040000 | 6 | 566223 | 54.44 |
| 12 | ഡയറി ഫാം ഇൻസ്ടക്ടർ | 1 | 50000 | 1 | 50000 | 100 |
| | ആകെ | 279 | 150007745 | 185 | 79837681 | 53.22 |

.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1680 | 1340374 | 1342054 | 1331458 | 10596 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19839355 | 19839355 | 19839355 | 0 |
| ആകെ | 1680 | 21179729 | 21181409 | 21170813 | 10596 |

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ പദ്ധതികൾ | 1499 |
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ അടങ്കൽ | 177,177,874 |
| തൻവർഷം നടപ്പാക്കിയ പദ്ധതികൾ | 299 |
| സൃഷ്ടിച്ച ആകെ മനുഷ്യദിനം | 69446 |
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 3089 |
| തൻവർഷം 100 ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം | 455 |

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷംവിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.(ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യപത്രികയിൽ ക്ഷേമ പെൻഷൻ ചെലവ് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ചേർത്തിട്ടില്ല)

| | | |
|---|---|---|
| [illegible] | [illegible] | |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 111240 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 2774400 | 164 |
| വിധവാപെൻഷൻ | 29429500 | 1791 |
| വാർദ്ധക്യകാലപെൻഷൻ | 32525600 | 2203 |
| വികലാംഗപെൻഷൻ | 9972300 | 587 |
| അവിവാഹിതകളായ 50 വയസ്സിനമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 400600 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 15 | 450000 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-01-2020 തീയതിയിൽ 3.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 30,002/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

30.10.2019ലെ ഉത്തരവ് നം എ2/5507/2019/എസ്.സി2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ട്.
പേഴ്സണൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എം.ഒ.പിയിലെ നിർദ്ദേശാനുസരണം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലൈഫ് ഭവന പദ്ധതി വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. മാസത്തിൽ ഒരിക്കലെങ്കിലും സ്റ്റാഫ് മീറ്റിങ്ങ് ചേരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. 2018-19 വർത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സ് റൂളുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും വാർഷികകണക്ക് തയ്യാറാക്കിയതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 മുതൽ<br>24.12.2019 വരെ | 2019 ജൂലൈ മുതൽ<br>2019 ഒക്ടോബർ വരെ | 24.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് | ഇല്ല | ഇല്ല | ഇല്ല |

# 1-11 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപത്രം -പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1) 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
2) സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
3) റീക്കൺസിലിയേഷൻ- 450230101-മധൂർ സർവീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.2019 ലെ റീക്കൺസിലിയേഷൻ തെറ്റാണ്. cheques deposited but not collected, cheques issued but not presented into bank എന്നീ കണക്കുകളിൽ തെറ്റായ ചെക്കുകളുടെ വിവരങ്ങൾ ചേർത്താണ് റീക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത്.
4) വർഷാവസാനം നടത്തേണ്ട ചില കാര്യങ്ങൾ നടത്തിയിട്ടില്ല-

എ) വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നുമുള്ള തൻവർഷത്തെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബി) സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ചെലവ് തുക രേഖപ്പെടുത്തിയിട്ടില്ല.

സി) ലോൺ ബാദ്ധ്യതയ്ക്ക് തത്തുല്യമായ തുക prepaid programme Expenses എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

ഡി) കിട്ടാനുള്ളവയ്ക്കും കൊടുക്കാനുള്ളവയ്ക്കും പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഇ) ക്ലോസിങ്ങ് സ്റ്റോക്ക്/സ്റ്റോർ മൂല്യനിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

എഫ്) വിവിധ സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച പ്രവൃത്തികളുടെ തുകകൾ പ്രസ്തുത ആസ്തി ഹെഡിലേക്ക് മാറ്റി ക്രമപ്പെടുത്തിയിട്ടില്ല.

5) 160100307- financial help for widows daughters marriage- എന്നയിനത്തിലെ 18-19 വർഷത്തെ യഥാർത്ഥ ചെലവ് 4,50,000 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ തുക 7,50,000 രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത്.
6) 320100121-centrally sponsored Scheme- ICDS- എന്ന ഹെഡിലെ ബാദ്ധ്യത 41800343/31.03.2019 എന്ന വൗച്ചറിലൂടെ 5,99,897 രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നം 4/19- അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിന്റെ ആകെ ചെലവ് 5,99,983 രൂപയാണ്.

7) 320700204-contribution for revenue expenditure from block panchayats- എന്ന ബാദ്ധ്യതാ കണക്കിൽ നിന്നും 41800315/31.03.2019 എന്ന വൗച്ചർ മുഖേന 6,72,090 രൂപ കുറവു ചെയ്തതായി കാണുന്നു. 31.03.2018 ന് ലഭിച്ച ICDS സെൻട്രൽ ഷെയർ തെറ്റായി രണ്ടു വട്ടം രശീതി രേഖപ്പെടുത്തിയതിനാൽ കുറവു ചെയ്യുന്നു എന്നാണ് വൗച്ചറിൽ നാരേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ 32070204 എന്ന ഹെഡിൽ ഈ തുകയ്ക്ക് രണ്ടു തവണ വരവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

8) 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800299-other liabilities എന്ന ഹെഡിൽ 2,04,388 രൂപ ബാദ്ധ്യതാ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഇ.എം.എസ് ഭവന പദ്ധതിക്കായി നൽകിയ തുക 16.05.2018 ന് പലിശ സഹിതം തിരികെ ഈടാക്കിയ 1,41,441 രൂപ ഉൾപ്പെടുന്നു. ഈ തുക ഇനിയും ക്രമീകരിച്ചിട്ടില്ല.

ഈ ഹെഡിൽ 30.08.2018 ലെ 118030900026 വൗച്ചർ പ്രകാരം 20,000 രൂപ, 16.01.2019 ലെ 118030900036 വൈച്ചർ പ്രകാരം 4,000 രൂപ, 16.01.2019 ലെ 118030900037 വൗച്ചർ പ്രകാരം 8,997 രൂപ (ആകെ 32,997 രൂപ) എസ്.ബി.ടി യിൽ ലഭിച്ചതായി വരവു കാണിച്ചിട്ടുണ്ട്. നാളിതു വരെ ഈ തുക എവിടെ നിന്ന് എന്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണ്ടെത്തി ആ കണക്കിൽ പെടുത്തിയിട്ടില്ല.

ഈ ഹെഡിൽ 29.12.2018 ലെ 118020900042 നമ്പർ വൗച്ചർ പ്രകാരം 29,950 രൂപ ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ടിൽ ലഭിച്ചതായി വരവു കാണിച്ചിട്ടുണ്ട്. നാളിതു വരെ ഈ തുക എവിടെ നിന്ന് എന്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണ്ടെത്തി ആ കണക്കിൽ പെടുത്തിയിട്ടില്ല.

9) 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800199-other creditors എന്ന ഹെഡിൽ 15,000 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുക ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ടിൽ 17.11.2017 ന് വരവു വന്ന തുകയാണ്. ഈ തുക എവിടെ നിന്ന് എന്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണ്ടെത്തി ആ കണക്കിൽ പെടുത്തിയിട്ടില്ല.

10) 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 430100103-closing stock- stores എന്ന ആസ്തി ഹെഡിൽ 92,394 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഇത് 31.03.2017ന് സ്റ്റോക്ക് മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്ത തുകയാണ്. തുടർ വർഷങ്ങളിൽ സ്റ്റോക്കിന്റെ മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

11) 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 460600101-Electricity Deposits എന്ന ആസ്തി ഹെഡിൽ 44,954 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഈ തുക 09.05.2012, 16.05.2012, 11.07.2012, 16.07.2012, 11.09.2012, 11.02.2013, 06.12.2013, 09.04.2015, 02.05.2019,27.10.2015 എന്നീ തിയതികളിൽ വിവിധ പദ്ധതികളുടെ കോഷൻ ഡെപ്പോസിറ്റ്, OYEC, കണക്ഷൻ ഫീസ്, പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജുകൾ തുടങ്ങിയ ഇനങ്ങളിൽ കെ.എസ്.ഇ.ബിക്ക് നൽകിയ ഡെപ്പോസിറ്റ് തുകകളാണ്. ഈ തുകകൾ എല്ലാം തന്നെ വിനിയോഗിച്ചിട്ടുള്ളതാണ്. പക്ഷേ നാളിതു വരെ ഈ ഹെഡിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

12) 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 460500202-Deposits with KSEB എന്ന ആസ്തി ഹെഡിൽ 5,91,519 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഈ തുക 86/16-17, 10/16-17, 305/16-17, 76/16-17, 311/16-17, എന്നീ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളാണ്. ഈ പ്രോജക്ടുകൾ എല്ലാം തന്നെ പൂർത്തീകരിച്ചതായാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം. പക്ഷേ നാളിതു വരെ ഈ ഹെഡിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

13) 460500501-Advance to Implimenting Officers എന്ന ഹെഡിൽ യഥാർത്ഥത്തിൽ 31.03.2019 ന് നീക്കിയിരിപ്പുള്ള തുകകൾ ചുവടെ കണക്കാക്കുന്നു.

| വൗച്ചർ നം, തിയതി | തുക |
|---|---|
| 21700214/ 14.06.2017 | 22,760 |
| 21700215/14.06.2017 | 16,457 |
| 21700242/19.06.2017 | 30,230 |
| ആകെ | 69,447 |

എന്നാൽ ഈ ഹെഡിൽ 07.09.2017 ന് 11701010290 എന്ന വൗച്ചർ മുഖേന 7,495 രൂപ തിരികെ ലഭിച്ചതായി കാണിച്ച് ബാദ്ധ്യത 61,952 രൂപയായി കുറച്ചു കാണിച്ചിട്ടുണ്ട്. 7,495 രൂപ എന്നത് പ്രോജക്ട് നം. 44/17- ഫുട്പാത്ത്

കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ അധികം നൽകിയ പെമെന്റ് തിരികെ ലഭിച്ചതാണ്. ഈ തുക നിർവഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസിന്റെ കണക്കിൽ ചേർത്തത് തെറ്റാണ്.

14) പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരമുള്ള അഡ്വാൻസുകൾ ആർക്കൊക്കെ എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

15) പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരമുള്ള ഡെപ്പോസിറ്റുകൾ ആര്, എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

16) 31.03.2019 ലെ ബാലൻസി ഷീറ്റിലെ ഷെഡ്യൂൾ B-15 (a) പ്രകാരം 432100101 എന്ന ഹെഡിൽ 36,622 രൂപ വസ്തു നികുതിക്കുള്ള Accumlated provision ഉണ്ട്. ഈ പ്രോവിഷൻ 31.03.2012 ന് 410010183 നമ്പർ ജേണലിലൂടെ രേഖപ്പെടുത്തിയതാണ്. തുടർ വർഷങ്ങളിൽ ഇതിന് തുടർച്ചയോ ക്രമീകരണമോ ഉണ്ടായിട്ടില്ല. 31.03.2012 ന് 410010183 നമ്പർ ജേണലിലൂടെ പ്രോവിഷൻ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

17) 2018-19 വർഷത്തിൽ വസ്തു നികുതിയിനത്തിൽ 57,87,146 രൂപ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ സംഗ്രഹം അടിസ്ഥാനമാക്കി യാണ് വരുമാനം രേഖപ്പെടുത്തിയത്. എന്നാൽ വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2018-19 ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ 4,00,642 രൂപയുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

18) കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**19) അധിക നിരീക്ഷണം-**

1) 2018-19 വാർഷിക ധനകാര്യപത്രികയിൽ ഡി.ബി.റ്റി മുഖേന ചെലവഴിച്ച പെൻഷൻ തുകയുടെ വിവരങ്ങൾ ഭാഗികമായി മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ബാലൻസ് ഷീറ്റിൽ ബാധ്യതയിനത്തിൽ (kurdfc ലോൺ ലൈഫ് പദ്ധതി ) രേഖപ്പെടുത്തിയിരിക്കുന്ന 1,49,68,201 രൂപയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഒരു ഗുണഭോക്താവിന് NEFT ട്രാൻസ്ഫർ ചെയ്ത് തിരികെ വന്ന 70,000/- രൂപയും , ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 124 രൂപയും ഉൾപ്പടെയാണ് തിരിച്ചടയ്ക്കുവാനുള്ള വായ്പാ തുകയായി കണക്കാക്കിയിട്ടുള്ളത്.

# 1-12 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ

അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ വിവരിച്ച അപാകതകൾ കൂടാതെ കെട്ടിടനിർമ്മാണ പെർമ്മിറ്റ് സംമ്പന്ധിച്ച ഓഡിറ്റ് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

<u>a)ബിൽഡിങ് റൂൾസ് സെക്ഷൻ 97 Aപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് 2011 ലെ ബിൽഡിങ് റൂൾസ് 97 Aപ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ ഒന്നാം നിലയുടെയോ, രണ്ടാം നിലയുടെയോ നിർമ്മാണങ്ങളും, കൂട്ടിച്ചേർക്കലുകളും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിച്ചതിനുശേഷം പിന്നീട് കൂട്ടിച്ചേർക്കലുകൾക്ക് അതിനനുസൃതമായി വസ്തു നികുതി നിർണ്ണയിക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. തദ്ദേശ ഭരണം (ആർ ബി) വകുപ്പിന്റെ 01/03/2016 ലെ LSGD- RB 3/29/2016 – തസ്വഭവ നമ്പർ കത്ത് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ നിർമ്മാണം/കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ തുറന്ന് വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്കായി സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

<u>b)പെർമിറ്റ് അപേക്ഷകളിൻമേൽ A.E യുടെ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല.</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തുന്നില്ല. മേൽ വിവരങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഫോർമാറ്റ് ഉണ്ടാക്കി അതിൽ അന്വേഷണ റിപ്പോർട്ട് തയാറാക്കേണ്ടതാണ്.

<u>c)മഴവെള്ളസംഭരണക്രമീകരണങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല.</u>

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101, 102 പ്രകാരം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതും പ്ലോട്ട് വിസ്തീർണ്ണം 320 ചതുരശ്രമീറ്ററിൽ കുറയാത്തതും 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് മഴവെള്ള

സംഭരണി നിർമിക്കേണ്ടത് നിർബന്ധവുമാണ്. എന്നാൽ 2018-19 ൽ നമ്പർ അനുവദിച്ച 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മഴവെള്ളസംഭരണക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താതെയാണ് നമ്പർ അനുവദിച്ചിരിക്കുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം-10തീയ്യതി 3-2-2020). തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്, ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 1,26,184രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസറ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 3തീയ്യതി 31-01-2020).

# 1-14 മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു

I).വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് സമയം വരെ 13 മൊബൈൽ ടവറുകളാണ് അസസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ഈ 13 ടവറുകളും 2013-14 വർഷങ്ങൾക്ക് മുൻപ് തന്നെ നികുതി നിർണയം നടത്തിയവയുമാണ്. 2013-14 വർഷത്തിനു ശേഷം മൊബൈൽ ടവറുകൾക്ക് നിർമ്മാണാനുമതി പഞ്ചായത്ത് നല്കിയിട്ടുണ്ട്. വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഒരു വർഷ കാലാവധിക്ക് ശേഷം ഈ ടവറുടമകൾ നിർമ്മാണാനുമതി പുതുക്കുകയോ, ടവറുകളുടെ കംപ്ലീഷൻ നല്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു,

| സീ- നം | ഉടമസ്ഥന്റെ പേര്/ | പെർമിറ്റ് നം / ഫയൽ നം | കാലാവധി തീയ്യതി |
|---|---|---|---|
| 1 | Reliane JIO Infocom Ltd | A3-BA(51918)/2018 dt.16.12.2017 | 15.12.2018 |
| 2 | Reliane JIO Infocom Ltd | A3-BA(5892)/2018 dt.08.01,2018 | 07.01.2019 |
| 3 | Reliane JIO Infocom Ltd | A3-BA(51903)/2018 dt.16.12.2017 | 15.12.2018 |
| 4 | Reliane JIO Infocom Ltd | A3-BA(118408)/2018 dt.03.04.2018 | 02.04.2019 |
| 5 | Reliane JIO Infocom Ltd | A3-BA(56586)/2017 dt.19.10.2017 | 18.10.2018 |
| 6 | Reliane JIO Infocom Ltd | A3-BA(56590)/2017 dt.19.10.2017 | 18.10.2018 |

ഇവ കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മൊബൈൽ ടവറുകൾക്ക് 10,000 രൂപ ഫീസ് ഈടാക്കി അനുമതി നല്കിയതായി കാണുന്നു. ഇതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പെർമ്മിറ്റ് ഫയൽ ഹാജരാക്കാത്ത താഴെ കൊടുത്തിട്ടുള്ളവയ്ക്കും പഞ്ചായത്ത് നിർമ്മാണാനുമതി നല്കിയിട്ടുണ്ട്,

| സീ- നം | തുക അടവാക്കിയ തീയ്യതി | അടവാക്കിയ തുക | റസീത് നമ്പർ & തീയ്യതി |
|---|---|---|---|
| 1 | 06.01.2012 | 10,000 | 91104000023/ dt.6.1.2012 |
| 2 | 05.01.2017 | 10,000 | 11601105605/dt.5.1.2017 |
| 3 | 25.02.2017 | 10,000 | 11601107133/dt.25.2.2017 |
| 4 | 09.03.2018 | 10,000 | 117010109422/dt.9.3.2018 |
| 5 | 09.03.2018 | 10,000 | 117010109423/dt.9.3.2018 |

മേൽ വിവരിച്ച മൊബൈൽ ടവറുകൾ നാളിതു വരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. മാത്രമല്ല, അനധികൃത നിർമാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന രജിസ്റ്ററിലോ "സഞ്ചയ"സോഫ്റ്റ് വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് നേടാതെയും,നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20,137,138 പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും,ക്രമവല്ക്കരിക്കുന്നത്/പൊളിച്ചു നീക്കുന്നത് വരെ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കാനും, നിയമപ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കി ക്രമവല്കരിക്കുന്ന പക്ഷം അവയ്ക്കു ബാധകമായിട്ടുള്ള മുഴുവൻ വസ്തു നികുതി, പെർമിറ്റ്/റഗുലറൈസേഷൻ ഫീസ് തുടങ്ങിയവ നിർണയിച്ചു പിഴ സഹിതം മുൻകാല പ്രാബല്യത്തോടെ ഈടാക്കാനും ആയത് "സഞ്ചയ"യിൽ അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.16/4.2.2020- നു മറുപടി നല്കിയിട്ടില്ല.

<u>II)മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിക്കുമ്പോൾ പെർമിറ്റ് ഫീസ് 10,000/-, അപേക്ഷാ ഫീസ് 1000/-, മൊബൈൽ ടവറുകളുടെ Pole structure ന്റെ നിർമ്മാണത്തിന് (ഉണ്ടെങ്കിൽ മാത്രം) 2,500/-, മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പ്രത്യേകം അപേക്ഷാ ഫീസ് വേണ്ട എന്നാൽ പെർമിറ്റ് ഫീസ് ഒരു യഥാർത്ഥ കെട്ടിടത്തിന് ബാധകമായ രീതിയിൽ ഈടാക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം). എന്നാൽ മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

# 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**I)ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രാബല്യത്തിലാക്കിയിട്ടില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിരുന്നു. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 2018-19 വർഷം നടപ്പിലാക്കിയിട്ടില്ല. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. 2018-19 വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

**II)കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം, വസ്തുനികുതി കുറവ്.**

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യമാണെന്നും കണ്ടു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിലും വലിയ കുറവ് സംഭവിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ഡി&ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട വ്യക്തി, സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം. |
|---|---|---|---|---|
| 1 | 16/2018-19 | XIX-486 | റോസമ്മ ജോസഫ്, ഫ്ലോർമില്ല് | പാർപ്പിടം |
| 2 | 117/2018-19 | XX-380,381 | അഹമ്മദ്, വെൽഡിംഗ് ഷോപ്പ് | പാർപ്പിടം |
| 3 | 199/2018-19 | VIII-270 | എം.എ അബ്ദുൾറഹ്മാൻ, സഫ ടിമ്പർ ഇൻഡസ്ട്രീസ് | പാർപ്പിടം |
| 4 | 200/2018-19 | XVIII-346 | സുരേഷ്.യു.ആർ, വെൽഡിംഗ് ഷോപ്പ്, | പാർപ്പിടം |

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന

ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ മേൽ വിവരിച്ച അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## III).പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്കും ക്രമനം. 139 പ്രകാരം അബ്കാരി ഷോപ്പുകൾക്കും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും അബ്കാരി ഷോപ്പുകളും ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇവരെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## IV).മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 2 പാരാമെഡിക്കൽ/സ്വകാര്യ ഹോസ്പിറ്റൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. അവ,

**a.** KDCക്ലിനിക്കൽ ലാബ് , ലൈസൻസ് നം. 322/2018-19

**b.** Dental Clinic, ലൈസൻസ് നം. 230/2018-19

ഇവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

A. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രം ഹാജരാക്കിയിട്ടില്ല.

Local self govt. (DC) Department 47724/DC1/2011 സർക്കുലർ പ്രകാരം ബയോമെഡിക്കൽ വേസ്റ്റ് ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളായ ഹോസ്പിറ്റലുകൾ, നഴ്സിംഗ് ഹോമുകൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ etc.. എന്നിവയ്ക്ക് ലൈസൻസ് /രജിസ്ട്രേഷൻ നൽകുന്നത് മുൻപ് ബയോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെൻറ് ആൻഡ് ഹാൻഡ്ലിങ്ങ്) റൂൾസ് 1998 പ്രകാരമുള്ള authorisation letter പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 സ്ഥാപനങ്ങളും മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

B.രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കാതെ ക്ലിനിക്കുകൾക്ക് അംഗീകാരം നൽകിയിരിക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറി അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം സെക്രട്ടറി തീരുമാനം എടുക്കേണ്ടതും രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും

അപേക്ഷകന് ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ മേൽ വിവരിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ മേൽ ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.

മുകളിൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.4/1.2.2020- ന മറുപടി നല്കിയിട്ടില്ല.ഈ ഖണ്ഡികയിലെ പരാമർശങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ പരാമർശം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-16 വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന.

I). സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

കൂടാതെസംസ്ഥാന സർക്കാരിന്റെ വ്യവസായ സംരംഭമായ കിൻഫ്ര പാർക്കിന്റെ ബഹുഭൂരിഭാഗവും മധൂർ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് മറുപടി/ വിശദീകരണം ലഭ്യമാക്കുക.

1)കിൻഫ്രാ പാർക്കിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ.

2)മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ..

3)കിൻഫ്രാ പാർക്കിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ .

4)കിൻഫ്ര പാർക്കിന് സമീപം പ്രവർത്തിക്കുന്ന താഴെ വിവരിക്കുന്ന സ്ഥാപനങ്ങൾ, അനധികൃത നിർമ്മാണങ്ങൾ നടത്തിയതിനെ തുടർന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എ വകുപ്പ്, അനുസരിച്ച് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നോട്ടീസ് നല്കിയിരുന്നു. ഈ സ്ഥാപനങ്ങൾ,

a) I/390 C- UK Stone

b) I/392A-Aqua Granite

c) I/390B- Madhaveer Granite

d) Srishyam Granite

e) Quality Granite

എന്നാൽ മേൽ സ്ഥാപനങ്ങൾ നടത്തിയ അനധികൃത നിർമ്മാണവും, കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയായും റിപ്പോർട്ടിലില്ല. ഈ സാഹചര്യത്തിൽ മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗവും പഞ്ചായത്ത് സ്റ്റാഫും സംയുക്തമായ പരിശോധന നടത്തി കൃത്യമായ അളവുകൾ എത്രയും പെട്ടെന്ന് തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം- 2തീയ്യതി 31-01-2020).

II)വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ 2018-19 ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | വസ്തു നികുതി |
|---|---|
| റസിഡൻഷ്യൽ (കറന്റ്) | 6,11,857 |
| റസിഡൻഷ്യൽ (അരിയർ) | 3,90,289 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 2,79,848 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 4,03,053 |
| ആകെ | 16,85,047 |

# 1-17 തൊഴിൽ നികുതി ഈടാടക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. എന്നാൽ മധൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. 2018-19 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | എൽ.എസ്.ജി.ഡി. സെക്ഷൻ, മധൂർ | രണ്ടാം അർദ്ധവർഷം |
| 2 | മൈക്ക ഇൻഡസ്ട്രീസ്, ഉളിയത്തടുക്ക | രണ്ടാം അർദ്ധവർഷം |
| 3 | ഡയറ്റ് മായിപ്പാടി | ഒന്നാം അർദ്ധവർഷം |
| 4 | ആയുർവേദ ക്ലിനിക്, മീപ്പുഗിരി | ഒന്നാം അർദ്ധവർഷം |
| 5 | എം.ജി.എൻ.ആർ.ഇ.ജി.എ ജീവനക്കാർ | ഒന്നാം അർദ്ധവർഷം |
| 6 | കേരള ഗ്രാമജ്യോതി ലൈറ്റ്സ് (പ്രൈ)ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

മധൂർ അഗ്രികൾച്ചറിസ്റ്റ് വെൽഫയർ സൊസൈറ്റി (ഒന്നാം അർധവർഷം), കാസറഗോഡ് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഒന്നും രണ്ടും അർധവർഷങ്ങൾ) എന്നീ സ്ഥാപനങ്ങൾ 2018-19 വർഷം സ്ഥാപന നികുതി ഒടുക്കിയിട്ടില്ല.

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(3) <u>അംഗപരിമിത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

താഴെ പറയുന്ന ജീവനക്കാർ അംഗപരിമിതരാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | രാജൻ.എം.സി | കേരള വാട്ടർ അതോറിറ്റി |
| 2 | ജർഷാദ് | ബി.ആർ.സി കാസറഗോഡ് |
| 3 | സമീർ ഇബ്രാഹിം | ബി.ആർ.സി കാസറഗോഡ് |

മുകളിൽ സൂചിപ്പിച്ച ജീവനക്കാരുടെ അംഗപരിമിത സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(4) <u>അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

സ്ഥാപനത്തിൽ തൊഴിൽ നികുതിയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നികുതി ഒടുക്കുവാൻ ബാക്കിയുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ അരിയർ ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- നോമിനൽ മിക്സ് ഡാറ്റകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി

2018-19 വർഷം വിവിധ റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡുകളുടെ പ്രതലങ്ങളുടെ സബ് ബേസ്, ബേസ് കോൺക്രീറ്റുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിക്കാണുന്നത്. MoRD ഡാറ്റയിലെ കോഡ് 11.4.1.1 (providing concrete for plain/reinforced concrete in open foudations as per technical specification clause 802, 803, 1202 and 1203 – PCC grade M-10- Nominal mix (1:3:6) മോഡിഫൈ ചെയ്താണ് സബ് ബേസ് കോൺക്രീറ്റിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ചില പ്രവൃത്തികളിൽ MoRD ഡാറ്റയിലെ കോഡ് 11.4.1.2 (providing concrete for plain/reinforced concrete in open foudations as per technical specification clause 802, 803, 1202 and 1203 – PCC grade M-10- Nominal mix (1:3:6)- hand mixing മോഡിഫൈ ചെയ്തും ചില പ്രവൃത്തികളിൽ സബ് ബേസ് കോൺക്രീറ്റിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്

MoRD ഡാറ്റയിലെ കോഡ് 11.4.3.2 (providing concrete for plain/reinforced concrete in open foudations as per technical specification clause 802, 803, 1202 and 1203 – PCC grade M-20- Nominal mix (1:2:4) മോഡിഫൈ ചെയ്താണ് ബേസ് കോൺക്രീറ്റിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

MoRD ഡാറ്റയിലെ കോഡ് 11.4.1.1, 11.4.1.2, 11.4.3.2 എന്നിവ Nominal Mix ഡാറ്റയാണ്. ഈ നോമിനൽ മിക്സിന്റെ ഡാറ്റയിലെ ചേരുവകളും ചേരുവകളുടെ അനുപാതങ്ങളും മാറ്റാവുന്നതല്ല.

ആയതിനാൽ കോഡ് 11.4.1.1, 11.4.1.2, 11.4.3.2 ലെ വിവിധ ചേരുവകൾ മോഡിഫൈ ചെയ്ത് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശരിയായ നടപടിയല്ല. ചേരുവകളിൽ മാറ്റം ആവശ്യമാണെന്ന പക്ഷം M-20 ഗ്രേഡിലുള്ള മിക്സ് ഡിസൈൻ ചെയ്ത് മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കാമായിരുന്നുള്ളൂ. മിക്സ് ഡിസൈൻ ചെയ്യാതെ നോമിനൽ മിക്സുകളുടെ ചേരുവകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയ നടപടികൾ ശരിയല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

ചില പ്രവൃത്തികളുടെ വിവരങ്ങൾ ഉദാഹരണമായി നൽകുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര് | സബ് ബേസ് | ബേസ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 222/19- ഗോകുൽ നഗർ ഫുട്പാത്ത് കോൺക്രീറ്റ് | 11.4.1.2 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ | 11.4.3.2 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ |
| 2 | 299/19- കൊല്ലങ്കാന അർത്തല റോഡ് കോൺക്രീറ്റ് | 11.4.1.1 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ | 11.4.3.2 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ |
| 3 | 55/19- കൊല്ല്യ നീർച്ചാൽ റോഡ് കോൺക്രീറ്റ് | 11.4.1.2 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ | 11.4.3.2 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ |

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22, തിയതി 03.12.2019) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തികളുടെ ഗുണനിലവാരം, കോൺക്രീറ്റിന്റെ ഉറപ്പ്, ഈടുനിൽപ്പ് എന്നിവ സംബന്ധിച്ച തുടർ പരിശോധനകൾ പഞ്ചായത്ത് കമ്മിറ്റിയും എഞ്ചിനീയറിംഗ് വിങ്ങും സംയുക്തമായി നടത്തേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

# 1-19 ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് അധികച്ചെലവ്

2018-19 വർഷം ചില റോഡുകളിൽ കോൺക്രീറ്റ് ഓവു ചാലുകൾ നിർമിച്ചിട്ടുണ്ട്. ഡി.എസ്.ആർ 2016 അടിസ്ഥാനമാക്കി നിർമിച്ച ഈ എസ്റ്റിമേറ്റുകളിൽ ഓവുചാലുകളുടെ ബെഡ് 1:4:8 തോതിൽ 40mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഓവുചാലുകളുടെ പാർശ്വ ഭിത്തികൾ 1:3:6 തോതിൽ 40 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നിർവഹണം നടത്തിയിട്ടുള്ളത്. പാർശ്വ ഭിത്തികളുടെ കോൺക്രീറ്റിന് ആവശ്യമായ സെന്ററിംഗ് ആന്റ് ഷട്ടറിംഗിന്റെ നിരക്ക് ചില എസ്റ്റിമേറ്റുകളിൽ ഡി.എസ്.ആർ 2016 ലെ കോഡ് 5.9.3 പ്രകാരമുള്ള നിരക്കുകൾ അനുവദിച്ചു കാണുന്നു.

കോഡ് 5.9.3 suspended floors, roofs, landings, balconies തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗിനുള്ള സ്പെസിഫിക്കേഷനുകളും നിരക്കുമാണ്. കോൺക്രീറ്റ് ഓവുചാലുകളുടെ സൈഡ് വാളുകളുടെ സെന്ററിംഗ് ആന്റ് ഷട്ടറിങ്ങിന് കോഡ് കോഡ് 5.9.1 പ്രകാരമുള്ള ഷട്ടറിങ്ങ് നിരക്ക് ആയിരുന്നു അനുവദിക്കേണ്ടിയിരുന്നത്. ഇതിനു പകരം കോഡ് 5.9.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| ക്രമ നം | പ്രവൃത്തി, മറ്റു വിവരങ്ങൾ | സെന്ററിംഗ് ആന്റ് ഷട്ടറിങ്ങ് എസ്റ്റിമേറ്റിലെ വിവരങ്ങൾ | | സെന്ററിംഗ് ആന്റ് ഷട്ടറിങ്ങ് എം.ബുക്കിലെ വിവരങ്ങൾ | | അനുവദനീയമായ നിരക്ക്, മൂല്യം | |
|---|---|---|---|---|---|---|---|
| | | ഇനം | അളവ് | ഇനം | അളവ് | | |
| 1 | കുതിരക്കട്ട റോഡ് ഡ്രെയിനേജ് (232/19)<br>ചെലവ്- ബിൽ നം | ഇനം 3 | കോഡ് 5.9.3<br>55.2 sqm @ 592.06/sqm= 32,681.71 | ഇനം 3 | കോഡ് 5.9.3<br>50.6 sqm @ 592.06/sqm= 29,958.24 | നിരക്ക്- 271.92/sqm<br>50.6 sqm @271.92/sqm = 13,759.15 | 16,199 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 16/18-19, തുക 1,95,022രൂപ<br>കരാറുകാരൻ- വാസുദേവ ഹൊള്ള<br>എസ്റ്റിമേറ്റ്- 2 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 40.2%) | | | | | | |
| 2 | കൊല്ലങ്കാന അർത്തല റോഡ് ഡ്രെയിനേജ് (220/19)<br>ചെലവ്- ബിൽ നം31/18-19, തുക 1,65,000രൂപ<br>ചെക്ക് നം 072840, തിയതി 09.08,2019- 1,30,816<br>ആകെ- 2,95,816<br>കരാറുകാരൻ- വാസുദേവ ഹൊള്ള<br>എസ്റ്റിമേറ്റ്- 3 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 40.2%) | ഇനം 4 | കോഡ് 5.9.3<br>84 sqm @ 592.06/sqm= 49,733.04 | ഇനം 4 | കോഡ് 5.9.3<br>83.40 sqm @ 592.06/sqm= 49,377.80 | നിരക്ക്- 271.92/sqm<br>83.4 sqm @271.92/sqm = 22,678.12 | 26,699.67 |
| | | | | | | | 42,898.67 |

മേൽ അപാകതൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12, തിയതി 03.02.2020) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

# 1-20 പിഴ തുക പിൻവലിച്ച് പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു

മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഫണ്ട് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറിയിലുള്ള പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയല്ല. വിവിധ പ്രവൃത്തികളിൽ ഇപ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയ പിഴ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ബിൽ നം. തിയതി, തുക | പിഴ യിനത്തിൽ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നം 233/19- വിവേകാനന്ദ നഗർ നാഗനകട്ട റോഡ് റീടാറിംഗ് | 2,54,741- മെയിന്റനൻസ് ഫണ്ട് റോഡ്<br>ബിൽ നം 64/21.03.2019 | 12,962 |
| 2 | പ്രോജക്ട് നം 224/19- നടുമന ഉട്ടുവ വയൽ ഫുട്പാത്ത് | 2,54,741- ധനകാര്യകമ്മീഷൻ ഫണ്ട്<br>ബിൽ നം 68/21.03.2019 | 1,484 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13, തിയതി 03.02.2020) മറുപടി നൽകിയിട്ടില്ല. മേൽ തുകകൾ ഉടൻ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-21 ദിവസവേതന നിയമനം സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ , ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് വാഹനം,ബഡ്സ് സ്കൂൾ വാഹനം എന്നിവയുടെ ഡ്രൈവർമാർ, എൽ.എസ്.ജി.ഡി വിഭാഗത്തിൽ ക്ലാർക്ക്, NRHM അറ്റന്റർ തുടങ്ങിയ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിട്ടുണ്ട്.

ദിവസവേതന നിയമനവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 28.2.2016 ലെ ജി.ഒ(പി)നം.28/2016 ഫിൻ ഉത്തരവ്, സർക്കുലർ.നം 03/2019/ധന.തിയതി 11.01.2019 എന്നിവയിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നത് വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

എ) സർക്കാർ സ്ഥാപനങ്ങളും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ദിവസവേത/കരാർ നിയമനങ്ങളും പരമാവധി ഒഴിവാക്കേണ്ടതാണെന്നും അത്യാവശ്യഘട്ടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന മേൽ ഉത്തരവിലെ വ്യവസ്ഥ ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

ബി) ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്ത തസ്തികയായ , ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ വർഷങ്ങളായി ഒരേ വ്യക്തി തന്നെ ജോലിയിൽ തുടരുന്ന സ്ഥിതിയാണുള്ളത്. അംഗീകൃതമല്ലാത്ത തസ്തികകളിൽ നിയമനം

നടത്തുന്നത് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നുള്ള നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ പാലിച്ചുകാണുന്നില്ല (സർക്കുലർ.നം 03/2019/ധന.തിയതി 11.01.2019) . ഗ്രാമ പഞ്ചായത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാരുടെ നിയമനവും പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

സി) തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓവർസിയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാമെന്ന് സർക്കാർ ഉത്തരവുണ്ട്. എന്നാൽ ക്ലറിക്കൽ തസ്തികയിൽ ഗ്രാമ പഞ്ചായത്ത് മുഖേന നിയമനം നടത്താമെന്നത് സംബന്ധിച്ച് ഉത്തരവ് ലഭ്യമല്ല. ഇത്തരം കാര്യങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നല്കിയിട്ടുണ്ട്. എന്നാൽ ഇതിന് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും അനുമതിയോ, അംഗീകാരമോ വാങ്ങിയിട്ടില്ല.

ഡി) ദിവസവേതന നിയമനവുമായ ബന്ധപ്പെട്ട ഫയലുകൾ, ഭരണ സമിതി തീരുമാനങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.7/ തി.03.2.2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമല്ലാതെയുള്ള ദിവസവേതന നിയമനങ്ങൾ മൂലമുണ്ടാകുന്ന ചെലവ് ബന്ധപ്പെട്ട ഓഫീസ് തലവൻമാരുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്ന് ധനകാര്യവകുപ്പിന്റെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ദിവസവേതന നിയമനം സംബന്ധിച്ച് ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങൾ

എ) ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ട) ഭവന പദ്ധതിയ്ക്കായി പ്രൊ.നം.296/19, 298/18-19 എന്നിവ പ്രകാരം 2018-19 വർഷം 2.32കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നാളിതുവരെ ഭവന നിർമ്മാണമാരംഭിച്ച 112 പേരിൽ 95 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവരിൽ 86 പേർക്ക് മുഴുവൻ ധനസഹായവും അനുവദിച്ചിട്ടുണ്ട്. അവശേഷിച്ച 9 പേർക്ക് സ്റ്റേറ്റ് ഷെയർ ലഭ്യമാകാത്തതിനാൽ അവസാനഗഡു നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2018-19 വർഷം വരെ നിർമ്മാണം ആരംഭിച്ച ചുവടെ ചേർത്ത 12 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും , നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | മിസരിയW/o അബ്ദുള്ള | ഭിത്തി |
| 2 | സുപ്രഭ W/o ശശീന്ദ്രൻ | ഭിത്തി |
| 3 | മറിയംബി W/o അസൈനാർ | ഭിത്തി |
| 4 | വാരിജW/o രോഹിതാക്ഷ ആചാരി | ഭിത്തി |
| 5 | ജമീല W/o മുഹമ്മദ് | ഭിത്തി |
| 6 | സുലൈഖ W/o മുഹമ്മദ് ഷാഫി | ഭിത്തി |
| 7 | മൈമൂന W/o ഷാജഹാൻ | മേൽക്കൂര |
| 8 | മനോരമ W/o ഗംഗാധര ഷെട്ടി | മേൽക്കൂര |
| 9 | സാവിത്രി W/o അച്ച്യുത ആചാരി | മേൽക്കൂര |
| 10 | സുധീനW/o അബ്ദുൾ മയ്ദീൻ | മേൽക്കൂര |
| 11 | സെൽമ W/o ഹജ്ജബ്ബ | മേൽക്കൂര |
| 12 | റുഖിയ W/o അബ്ദുൾ റഹ്മാൻ | മേൽക്കൂര |

ബി) 2018-19 വർഷം ലൈഫ് ഭവന പദ്ധതി പ്രകാരം സൈദ w/o മുഹമ്മദ്, നാഷണൻ നഗർ, ഷിരിബാഗിലു എന്ന ഗുണഭോക്താവ് ആദ്യ ഗഡു 30.10.2018 ന് കൈപ്പറ്റിയതിനു ശേഷം തുടർ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 10-01-2020 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ടിൽ മേൽ സ്ഥലം മറ്റൊരാൾക്ക് പണയപ്പെടുത്തിയതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കില്ലായെന്ന് അറിയിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ മേൽ ഗുണഭോക്താവിന് നൽകിയ ആദ്യ ഗഡു 40,000/ രൂപ എത്രയും വേഗം തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-23 ഹരിത കർമ്മസേന

ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷം പ്രൊ.നം 319 /19 പ്രകാരം വികസനഫണ്ടിൽ നിന്നും 36,720 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം വാങ്ങുന്നതിന് 21,000 രൂപയും, രജിസ്റ്ററുകൾ, രസീത് ബുക്കുകൾ എന്നിവയ്ക്കായി 15,720 രൂപയും, ഹരിത കർമ്മ സേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ആരംഭിച്ച പേരിൽജോയിന്റ് അക്കൗണ്ട് പ്രകാരം 28.3.2019 മുതൽ 24.12.2019 വരെ 1,92,381 രൂപ യൂസർ ഫീ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഇതിൽ നിന്നും 24.12.2019 വരെ 1,23,504 രൂപ ഹരിത കർമ്മസേന പ്രവർത്തകരുടെ വേതനം ഇനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയ്ക്കും ഹരിത കർമ്മസേന പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഒമ്പതാം വാർഡിൽ ഇതുവരെയും അജൈവ മാലിന്യ ശേഖരണം നടത്തിയിട്ടില്ല. അതുപോലെ 2,4,5,6,18 എന്നീവാർഡുകളിൽ ഒരു തവണ മാത്രമാണ് ഹരിത കർമ്മസേന അജൈവമാലിന്യശേഖരണത്തിനായി സന്ദർശനം നടത്തിയിട്ടുള്ളതെന്ന് ഹരിത കർമ്മ സേന ഭാരവാഹികൾ അറിയിക്കുകയുണ്ടായി.നിലവിൽ പകുതിയോളം വാർഡുകളിൽ മാത്രമാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നത്. പൊതുജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം പദ്ധതിയെ സാരമായി ബാധിക്കുന്നതായി ഹരിത കർമ്മ സേന ഭാരവാഹികൾ സൂചിപ്പിക്കുകയുണ്ടായി. പൊതുജനങ്ങൽക്ക് ആവശ്യമായ ബോധവൽക്കരണം നൽകി ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തുവാനും , എല്ലാ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിക്കുവാനും ശേഖരിക്കുന്ന മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും, ആവശ്യമായ നടപടികൾ ഭരണ സമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്. അതുപോലെ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം (സ.ഉ.(സാധാ) നം.2420/17 തസ്വഭവ തി.15.7.2017) ഹരിത കർമ്മസേനയെ സ്വയംപര്യാപ്തമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# 1-24 മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

**<u>I).പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.</u>**

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 10/2018-19-പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി. |
| അടങ്കൽ | 9,00,000/- |
| ഫണ്ട്- അടങ്കൽ - | വികസന ഫണ്ട്- 6,00,000<br>ബ്ലോക്ക് പഞ്ചായത്ത് 2,00,000<br>ജില്ലാ പഞ്ചായത്ത് - 1,00,000 |
| ചെലവ് | 9,00,000/-രൂപ<br>വികസന ഫണ്ട്- 6,00,000<br>ബ്ലോക്ക് പഞ്ചായത്ത് 2,00,000 |

| | |
|---|---|
| | ജില്ലാ പഞ്ചായത്ത് - 1,00,000 |

**1.<u>വിവിധ കമ്മിറ്റികളുടെ പ്രവർത്തനം</u>**

<u>(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി</u>

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 12.4.2018, 20.07.2018, 30.11.2018, 15.3.2019 എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) <u>പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി</u>

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

**2. <u>പാലിയേറ്റീവ് കെയർ വാഹനം</u>**

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട ക്ഷണിച്ച ക്വട്ടേഷൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**<u>3.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

(a) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(b)പാലിയേറ്റീവ് നേഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**<u>4. കുടുംബ സംഗമം നടത്തിയത് - ചെലവ് അധികം</u>**

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്. സംഗമം ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.(മേൽ ഉത്തരവ് ഖ.2-6-13) സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി അറുപത് രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/-രൂപയും ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രോഗികൾക്കായി 17.01.2019-ന് സംഗമം നടത്തിയ വകയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| | |

| | |
|---|---|
| ഉച്ചഭക്ഷണം, ചായ | 21,100 |
| ജനറേറ്റർ, മൈക്ക് വാടക | 1,900 |
| ഫോട്ടോ ചാർജ്ജ് | 1,000 |
| മറ്റ് ചെലവുകൾ | 1,500 |
| ആകെ | 25,500 |

സംഗമത്തിൽ പങ്കെടുത്തത് 235 പേർ മാത്രമാണ്. ഇവർക്ക് ചെലവഴിക്കാവുന്ന ആകെ തുക 17,100/- (235 x 60 + 3000) രൂപ മാത്രമാണ്. എന്നാൽ അനുവദനീയമായതിലും 8,400/- രൂപ കൂടുതൽ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ചെലവുകളുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**<u>II). പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.</u>**

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 5,11,254രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം | ബില്ല് നം /ചെക്ക് നം- തുക | റിമാർക്സ് |
|---|---|---|
| 10/2018-19- പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി. | 2,24,938രൂപ (ബില്ല് നം 10/29.12.2018)<br>1,74,335രൂപ (ചെക്ക് നം 1973915/14.3.2019) | 3,99,273രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. |
| 15/2018-19- പുളിക്കൂർ പട്ടിക വർഗ്ഗ കോളനി മെഡിക്കൽ ക്യാമ്പ്. | 37,000രൂപ (ബില്ല് നം 16/26.3.2019) | 37,000രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. |
| 18/2018-19- പി.എച്ച്.സി – യിലേക്ക് മരുന്ന് വാങ്ങൽ | 74,981രൂപ(ബില്ല് നം 18/16.11.2018) | 74,981രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

**<u>III)-മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചത്- അപാകതകൾ</u>**

ചെക്ക് നം.338304/ തീയ്യതി.09.04.2018, 2,00,000/- രൂപ

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.തസ്വഭവ (ഡി.സി) വകുപ്പിന്റെ 22.01.2018 ലെ നമ്പർ 17/ഡി.സി 1/18 തസ്വഭവ സർക്കുലർ പ്രകാരം ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിലെ ഖണ്ഡിക 8, ക്രമ നമ്പർ 11 പ്രകാരം ജനുവരി 26 ന് ഉള്ളിൽ മാർക്കറ്റുകൾ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. കൂടാതെ മേൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് Ward No 5,8,17 എന്നിവിടങ്ങളിൽ ചെലവഴിച്ച തുകകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കുവാൻ അവശേഷിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്, അല്ലാത്തപക്ഷം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 5തീയ്യതി 01-02-2020).

## 1-25 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board of Indirect Taxes and customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു. നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | പാറക്കട്ട അടൽജി റോഡ് കോൺക്രീറ്റ് | ഗോവിന്ദ്.എം | 194265 | 627726 | 6886/- | 3443/- |
| | | | 150008 | 627770 തി. 29.3.19 | | |
| 2 | മന്നിപ്പാടി ശിവനഗർ എസ്റ്റേറ്റ് റോഡ് സൈഡ് സംരക്ഷണം | ഉമേഷ്.കെ | 116814 | 464333 തി.18.1.19 | - | 1168/- |
| 3 | ചെടാല നടപ്പാത നിർമ്മാണം മായിപ്പാടി | ഉമേഷ് .കെ | 100222 | 579378 തി.8.3.19 | - | 1002/- |
| 4 | സുർലു റോഡ് റോഡ് കോൺക്രീറ്റ് | ഉമേഷ്.കെ | 158963 | 627844 | 7880/- | 3940/- |
| | | | 104484 | 627954 | | |
| | | | 130601 | 628011 തി. 29.3.2019 | | |
| 5 | മധൂർ കോപ്പാള നടപ്പാത | ഉമേഷ്.കെ | 123137 | 464333 തി.18.1.19 | - | 1231/- |
| | | | | ആകെ | 14766/- | 10784/- |

## 1-26 എസ്.എസ്.എ വിഹിതം തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

പ്രൊ.നം 6 /18-2019 പ്രകാരം എസ്.എസ്.എ വിഹിതം ഇനത്തിൽ 23 ലക്ഷം രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആകെ അടങ്കലിന്റെ 40 ശതമാനമാണ് ഗ്രാമ പഞ്ചായത്ത് നൽകേണ്ടത്. പദ്ധതി അടങ്കൽ 59.94 ലക്ഷം രൂപയായി എസ്.എസ്.എ അധികൃതർ നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് നല്കിയ തുകയ്ക്കാനുപാധികമായി 59.94 ലക്ഷം രൂപയുടെ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കപ്പെടേണ്ടതുണ്ട്.എസ്.എസ്.എ അധികൃതർ നല്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം 31.3.2019 വരെ ആകെ 27.61 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതു പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും 11.04 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് നല്കിയ വിഹിതത്തിനാനുപാതികമായി സർക്കാർ വിഹിതവും വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ പ്രകാരം ഗ്രാമ പഞ്ചായത്തിൽ തുക വിനിയോഗിച്ചിട്ടുണ്ടോയെന്നുള്ള കാര്യം പരിശോധിച്ച് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി രേഖകളുടെ പരിശോധന- നികുതി നിർണ്ണയത്തിൽ അപാകത

ഓഡിറ്റ് വർഷത്തെ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം മധൂർ ഗ്രാമപഞ്ചായത്തിൽ, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 50 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഉടമസ്ഥന്റെ പേര് & കെട്ടിടത്തിന്റെ നമ്പറും അളവും | അസസ്മെന്റ് തീയ്യതി | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| XVI- 405A to H, ദാമോദരൻ നായർ GF- 191.m2 FF- 232,5m2 | 2018-19 | 191x 50 = 9550 | 20%= 1910 | - | 11460+ LC | 191x 60 = 11460 | 20%= 2292 | - | 13752+ LC | 2292+ LC |
| | 2018-19 | 232.5x50= 11625 | 20%= 2325 | 5%= 581 | 13369+ LC | 232.5x60= 13950 | 20%= 2790 | 5%= 698 | 16042+ LC | 2673+ LC |
| XIX- 221/B, സുലൈമാൻ.എൻ 152.82m2 | 2018-19 | 152.82x50= 7641 | - | - | 7641+ LC | 152.82x60= 9169.2 | 20%= 1834 | - | 11003+ LC | 3362+ LC |
| വിശ്വനാഥ റായ്, XIX-434-A,B 120.45m2 | 2018-19 | 120.45x50 = 6022 | - | 10%=602 | 5420+ LC | 120.45x60 = 7227 | - | 10%= 723 | 6504+ LC | 1084+ LC |
| ആകെ | | | | | | | | | | 9411+LC |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 9,411+LC രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്(ഓഡിറ്റ് എൻക്വയറി നം-6തീയ്യതി 1-2-2020).

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് അധികച്ചെലവ്

2018-19 വർഷം ചില റോഡുകളിൽ കോൺക്രീറ്റ് ഓവു ചാലുകൾ നിർമിച്ചിട്ടുണ്ട്. ഡി.എസ്.ആർ 2016 അടിസ്ഥാനമാക്കി നിർമിച്ച ഈ എസ്റ്റിമേറ്റുകളിൽ ഓവുചാലുകളുടെ ബെഡ് 1:4:8 തോതിൽ 40mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഓവുചാലുകളുടെ പാർശ്വ ഭിത്തികൾ 1:3:6 തോതിൽ 40 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നിർവഹണം നടത്തിയിട്ടുള്ളത്. പാർശ്വ ഭിത്തികളുടെ കോൺക്രീറ്റിന് ആവശ്യമായ സെന്ററിംഗ് ആന്റ് ഷട്ടറിംഗിന്റെ നിരക്ക് ചില എസ്റ്റിമേറ്റുകളിൽ ഡി.എസ്.ആർ 2016 ലെ കോഡ് 5.9.3 പ്രകാരമുള്ള നിരക്കുകൾ അനുവദിച്ചു കാണുന്നു.

കോഡ് 5.9.3 suspended floors, roofs, landings, balconies തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗിനുള്ള സ്പെസിഫിക്കേഷനുകളും നിരക്കുമാണ്. കോൺക്രീറ്റ് ഓവുചാലുകളുടെ സൈഡ് വാളുകളുടെ സെന്ററിംഗ് ആന്റ് ഷട്ടറിങ്ങിന് കോഡ് കോഡ് 5.9.1 പ്രകാരമുള്ള ഷട്ടറിങ്ങ് നിരക്ക് ആയിരുന്നു അനുവദിക്കേണ്ടിയിരുന്നത്. ഇതിനു പകരം കോഡ് 5.9.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| ക്രമ നം | പ്രവൃത്തി, മറ്റു വിവരങ്ങൾ | സെന്ററിംഗ് ആന്റ് ഷട്ടറിങ്ങ് എസ്റ്റിമേറ്റിലെ വിവരങ്ങൾ | | സെന്ററിംഗ് ആന്റ് ഷട്ടറിങ്ങ് എം.ബുക്കിലെ വിവരങ്ങൾ | | അനുവദനീയമായ നിരക്ക്, മൂല്യം | |
|---|---|---|---|---|---|---|---|
| | | ഇനം | അളവ് | ഇനം | അളവ് | | |
| 1 | കുതിരക്കട്ട റോഡ് ഡ്രെയിനേജ് (232/19) | ഇനം 3 | കോഡ് 5.9.3 55.2 sqm @ 592.06/sqm= | ഇനം 3 | കോഡ് 5.9.3 50.6 sqm @ 592.06/sqm= | നിരക്ക്- 271.92/sqm | 16,199 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചെലവ്- ബിൽ നം 16/18-19, തുക 1,95,022രൂപ<br>കരാറുകാരൻ- വാസുദേവഹൊള്ള<br>എസ്റ്റിമേറ്റ്- 2 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 40.2%) | | 32,681.71 | | 29,958.24 | 50.6 sqm @271.92/ sqm = 13,759.15 | |
| 2 | കൊല്ലങ്കാന അർത്തല റോഡ് ഡ്രെയിനേജ് (220/19)<br>ചെലവ്- ബിൽ നം31/18-19, തുക 1,65,000രൂപ<br>ചെക്ക് നം 072840, തിയതി 09.08,2019- 1,30,816<br>ആകെ- 2,95,816<br>കരാറുകാരൻ- വാസുദേവ ഹൊള്ള<br>എസ്റ്റിമേറ്റ്- 3 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 40.2%) | ഇനം 4 | കോഡ് 5.9.3<br>84 sqm @ 592.06/sqm= 49,733.04 | ഇനം 4 | കോഡ് 5.9.3<br>83.40 sqm @ 592.06/sqm= 49,377.80 | നിരക്ക്- 271.92/sqm<br>83.4 sqm @271.92/sqm = 22,678.12 | 26,699.67 |
| | | | | | | | 42,898.67 |

മേൽ അപാകതൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12, തിയതി 03.02.2020) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 06-07-2019 മുതൽ 08-07-2019 വരെ | കെ.എസ്.എ- കെ.എസ്.ഡി3/548/2019, തീയ്യതി.07-08-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക ലഭിച്ച | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 340000 | നെൽകൃഷിക്ക് വിത്ത്, കൂലിചെലവ് | 340000 | |
| | 2018-19 | 85000 | പച്ചക്കറി കൃഷിക്ക് വിത്ത്, കൂലി ചെലവ് വിതരണം | 85000 | |
| | 2018-19 | 200000 | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി | 200000 | |
| | 2018-19 | 285580 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 285580 | |
| | 2018-19 | 300000 | ലൈഫ് ഭവന പദ്ധതി – മധൂർ ഗ്രാമ പഞ്ചായത്ത് വാർഡ് നം. 3 മുതല് 13 വരെ | 300000 | |
| | 2018-19 | 539778 | ലൈഫ് ഭവന പദ്ധതി – മധൂർ ഗ്രാമ പഞ്ചായത്ത് വാർഡ് നം. 1,2,14 മുതൽ 20 വരെ | 539778 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി | 100000 | |
| | 2018-19 | 100000 | അഗതി രഹിത കേരളം (ആശ്രയ പദ്ധതി) | | 100000 |
| | 2018-19 | 1179336 | ലൈഫ് ഭവന പദ്ധതി – മധൂർ ഗ്രാമ പഞ്ചായത്ത് വാർഡ് നം. 3 മുതല് 13 വരെ | 1179336 | |
| | 2018-19 | 1900000 | ലൈഫ് ഭവന പദ്ധതി – മധൂർ ഗ്രാമ പഞ്ചായത്ത് വാർഡ് നം. 1,2,14 മുതൽ 20 വരെ | 1900000 | |
| | 2018-19 | 195313 | ലൈഫ് ഭവന പദ്ധതി എസ്.സി | 0 | 195313 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 307/19- ഏഴാം വാർഡ് കടേക്കാൽ ന്യൂ കോപ്പ വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 21800766 - 13/11/2018 | 49502/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 49,502/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | 1,52,18,077 | 0 | 3,20,000 | 0 | 1,48,98,077* |

*ബാലൻസ് ഷീറ്റിൽ B5 ഷെഡ്യൂളിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയായി രേഖപ്പെടുത്തിയ 1,49,68,201/- രൂപയുടെ കൃത്യത പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ് ( ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11(19-2) കാണുക)

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39,978/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-3 | 6286/- | വിനോദ് കുമാർ (കൺവീനർ) | 118010110954/ തി. 21/03/2019 |
| 2017-18 | 3-4(1) | 6414/- | അനിത കെ. അസി.എഞ്ചിനിയർ LSGD | 118010110910/ തി. 20/03/2019 |
| 2017-18 | 3-4(2) | 1434/- | ശശികുമാർ (കൺവീനർ) | 118010110955/ തി. 21/03/2019 |
| 2016-17 | 3-2 | 25,844/- | അനിത കെ. അസി.എഞ്ചിനിയർ LSGD | 118010110908/ തി. 02/03/2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | തുടരുന്നു |

# 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക –

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക –

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,18,80,204 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,20,46,458 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,411/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42,899/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ---- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ(രൂപ) | സർചാർജ് ചെയ്യാവുന്നവ(രൂപ) | |
| 2-1 | 9,411/- | ... | ശ്രീ.പ്രശാന്ത് കുമാർ .എ.ആർ, സെക്രട്ടറി മധൂർ ഗ്രാമ പഞ്ചായത്ത് |
| 3-1 | --- | 21,450 | ശ്രീ.തുളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 21,449 | രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | 9,411/- | 42,899/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.1-25 , GST ₹14,766/- &IT ₹10,784/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രശാന്ത് കുമാർ.എ.ആർ സെക്രട്ടറി മധൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, മധൂർ ഗ്രാമപഞ്ചായത്ത് | വീവേഴ്സ് റെസിഡൻഷ്യൽ കോളനി , രാംദാസ് നഗർ.പി.ഒ, കാസറഗോഡ് ജില്ല. |
| രാജീവൻ ഉറുമിവളപ്പിൽ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ഉവി, മൈത്രി റോഡ്, പീരകംതടം, പിലാത്തറ.പി.ഒ, കണ്ണൂർ-670504 |

| | | |
|---|---|---|
| ഉളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, നെരപ്പനടി, കളനാട്- പി.ഒ, കാസറഗോഡ് പിൻ- 671317 |
| | | |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഈ ഓഫീസിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 1997 - 1998 | KSA-KSD6-906/18(1), dated 27.5.2019 | 6 |
| 1998 - 1999 | KSA-KSD6-906/18(2), dated 27.5.2019 | 6 |
| 1999-00 | KSA-KSD6-75/19(1), dated 27.5.2019 | 16 |
| 2000 – 2001(Plan) | KSA-KSD6-75/19(3), dated 27.5.2019 | 7 |
| 2001-02 (plan) | KSA-KSD4-436/18, dated 11.05.2018 | 2 |
| 2002 – 2003 | KSA-KSD4-436/18, dated 11.05.2018 | 2 |
| 2003 - 2004 | KSA-KSD4-436/18, dated 11.05.2018 | 10 |
| 2004-2005 | KSA-KSD4-436/18, dated 11.05.2018 | 4 |
| 2006- 2007 | KSA-KSD6-74/19(2), dated 27.5.2019 | 4 |
| 2007-2008 | KSA-KSD4-436/18, dated 11.05.2018 | 12 |
| 2008-09, 2009-10, 2010-11 | KSA-KSD4-436/18, dated 11.05.2018 | 16 |
| 2011-12 | KSA-KSD4-436/18, dated 11.05.2018 | 22 |
| 2012-13, 2013-14 | KSA-KSD4-436/18, dated 11.05.2018 | 22 |
| 2014-15 | KSA-KSD4-436/18, dated 11.05.2018 | 23 |
| 2015-16 | KSA-KSD4-436/18, dated 11.05.2018 | 13 |
| 2016-17 | KSA-KSD4-436/18, dated 11.05.2018 | 14 |
| 2017-18 | KSA-KSD4-101/19, dated 24.04.2019 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ്.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ കെ.എസ്.ഡി6/187020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.
തിയതി:03.03.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മധൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി: 00.00.2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്</u>

| Madhur Grama Panchayat<br>INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 9575354.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 118606.00 |
| 140000000 | Fee & User Charges | I-4(b) | 1837530.00 |
| 150000000 | Sale & Hire Charges | I-5(b) | 296680.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 86620364.00 |
| 171000000 | Interest Earned | I-8 | 318491.00 |
| 180000000 | Other Income | I-9 | 11162.00 |
| | **Total Income** | | **98778187.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11522079.00 |
| 220000000 | Administrative Expenses | I-11(b) | 1183171.00 |
| 230000000 | Operations & Maintenance | I-12(b) | 2333384.00 |
| 240000000 | Interest & Finance Charges | I-13 | 1129.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7161372.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58439967.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5434960.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 698546.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 3248574.00 |
| 255000000 | Maintenance Projects | I-14(e) | 15226908.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 196921.00 |
| 272000000 | Depreciation | I-17(a) | 8041229.00 |
| | **Total Expenditure** | | **113488240.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-14710053.00** |
| 280000000 | Prior Period Item | I-18 | 834422.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-15544475.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

Madhur Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 11986990.20 |
| Cash | Cash | RP-40(a) | 410948.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3427888.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13500.00 |
| 140000000 | Fees & User Charges | RP-4 | 1693030.00 |
| 150000000 | Sale & Hire Charges | RP-5 | 290180.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57047375.00 |
| 171000000 | Interest Earned | RP-9 | 318491.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10295931.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 558014.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 11162.00 |
| 330000000 | Secured Loans | RP-32 | 15288242.00 |
| 340000000 | Deposits Received | RP-34 | 318495.00 |
| 350000000 | Other Liabilities | RP-36 | 379174.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12217722.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | **Grand total** | | **114278142.20** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3968968.00 |
| 220000000 | Administrative Expenses | RP-12 | 1183171.00 |
| 230000000 | Operations & Maintenance | RP-13 | 2329245.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6951372.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 37796830.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5434960.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 698546.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1277374.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 15226908.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 196921.00 |
| 280000000 | Prior Period item | RP-26 | 1618551.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3635891.00 |
| 350000000 | Other Liabilities | RP-36 | 5704253.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1129.00 |
| 330000000 | Secured Loans | RP-32 | 320041.00 |
| 340000000 | Deposits Received | RP-34 | 72350.00 |
| 350000000 | Other Liabilities | RP-36 | 2299479.00 |
| 410000000 | Fixed Assets | RP-38 | 10938862.00 |
| 412000000 | Capital work in Progress | RP-40 | 1465117.00 |
| 420000000 | Investments | RP-41 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 926490.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 12100471.20 |
| Cash | Cash | RP-40(b) | 131213.00 |
| | **Grand Total** | | **114278142.20** |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| Madhur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -7054609.71 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 67731341.00 |
| | **Total Reserve & Surplus** | | **60676731.29** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5062678.00 |
| | **Total Grants, Contributions for Specific Purposes** | | **5062678.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 14968201.00 |
| | **Total Loans** | | **14968201.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 418100.00 |
| 350000000 | Other Liabilities | B-9 | 1338030.11 |
| | **Total Current Liabilities and Provisions** | | **1756130.11** |
| | TOTAL LIABILITIES | | **82463740.40** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 97034866.00 |
| 411000000 | Accumulated Depreciation | B-11 | -29537954.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **67496912.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 92394.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1598218.20 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -43946.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12231684.20 |
| 460000000 | Loans, Advances and Deposits | B-18 | 1088478.00 |
| | **Total Current Assets, Loans and Advances** | | **-43946.00** |
| | **Total Current Assets, Loans and Advances** | | **15010774.40** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **82463740.40** |